**പതിനാലാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2556 **06.02.2018** - ലെ മറുപടിക്ക്

**<u>ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ സ്വയംപര്യാപ്ത, അംബേദ്കർ ഗ്രാമങ്ങൾ</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി.എഫ്.തോമസ്** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് അനുവദിച്ച സ്വയംപര്യാപ്ത ഗ്രാമങ്ങളുടെയും അംബേദ്കർ ഗ്രാമങ്ങളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ ഏതുഘട്ടം വരെയായെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും | ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലയളവിലുള്ള സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയുടെയും ഈ സർക്കാർ അനുവദിച്ച അംബേദ്കർ ഗ്രാമങ്ങളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ഇപ്രകാരമാണ്.<br>**<u>സ്വയംപര്യാപ്ത ഗ്രാമം</u>**<br>1. മാടപ്പള്ളി കോളനി : പദ്ധതി പ്രവർത്തനം അവസാന ഘട്ടത്തിലാണ്.<br>2. സചിവോത്തമപുരം കോളനി : പദ്ധതി പ്രവർത്തനം അവസാന ഘട്ടത്തിലാണ്<br>**<u>അംബേദ്കർ ഗ്രാമവികസന പരിപാടി</u>**<br>ഈ പദ്ധതി പ്രകാരം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നിന്നും അമര, പുതുച്ചിറ എന്നീ കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. പുതുച്ചിറ കോളനിയുടെ എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ട്. |
| (ബി) | ഏതൊക്കെ കോളനികളെയാണ് പ്രസ്തുത പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ളത്; | | |
| (സി) | ഓരോ കോളനിക്കും എത്ര രൂപ വീതമാണ് ചെലവിടുന്നത് ; | (സി) | രണ്ട് പദ്ധതികളിലും ഓരോ കോളനിയ്ക്കും ഓരോ കോടി രൂപ വീതം ചെലവഴിക്കാവുന്നതാണ് |

| | | | |
|---|---|---|---|
| (ഡി) | നിർമ്മാണത്തിനുണ്ടായ കാല താമസം മൂലം ലക്ഷ്യമിട്ടിരുന്ന എല്ലാ പ്രവൃത്തികളും നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ; കാലതാമസം ഒഴിവാക്കി എത്രയും വേഗം പദ്ധതി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | നിർമ്മാണത്തിലുണ്ടായ കാലതാമസം മൂലം ലക്ഷ്യമിട്ടിരുന്ന എല്ലാ പ്രവൃത്തികളും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. കാലതാമസം ഒഴിവാക്കി എത്രയും വേഗം പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ